പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. അബ്ദുൽ മജീദ്):

(എ) അതെ പാലങ്ങളുടെ പണി ഇനിയും പൂർത്തിയാകാനുണ്ട്.

(ബി) ഈ പാലം പണി ഇതുവരെ പൂർത്തിയായിട്ടില്ല. പാലത്തിന്റെ ഒരു ലാൻഡ് സ്പാൻ കൂടി തീരാനുണ്ട്. പാലം 1960 ജനുവരിയോടു കൂടി ഗതാഗതത്തിനു തുറന്നു കൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

(സി) കിട്ടിയിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഇതിന്റെ പ്രവൃത്തി മുഴുപ്പിച്ചിട്ട് എത്രകാലമായി?

ശ്രീ. അബ്ദുൽ മജീദ്: എത്രകാലമായി എന്നു പറയാൻ തീർച്ചയില്ല. ലാൻഡ് സ്പാനിനു തകരാറു വന്നതുകൊണ്ട് ഉണ്ടായ കാലതാമസമാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: പണി പൂർത്തിയായതിനുശേഷമാണോ, അതോ അതിനു മുമ്പാണോ ഈ തകരാറു ഉണ്ടായത്?

ശ്രീ. അബ്ദുൽ മജീദ്: പണി നടന്നുകൊണ്ടിരുന്നപ്പോഴാണ്.

പഞ്ചായത്തുകളിലുള്ള മിഡ്വൈഫുകൾ.

* 647. [17] ശ്രീ. ആർ. ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ മിഡ്വൈഫുകൾ ഉണ്ട്;

(ബി) എത്ര പഞ്ചായത്തുകളിൽ ഇല്ല;

(സി) ഈ മിഡ്വൈഫുകൾക്കുള്ള യോഗ്യതകൾ എന്തൊക്കെ;

(ഡി) ഇവരുടെ ശമ്പളം എന്താണെന്നു പറയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) 275.

(ബി) 617.

(സി) താഴെ പറയുന്ന ഏതെങ്കിലും യോഗ്യത:

1. തിരുവനന്തപുരം ഗവണ്മെന്റ് നേഴ്സിംഗ് സ്കൂളിലെ സർട്ടിഫിക്കറ്റ്.
2. നെയ്യാർ എൽ. എം. എസ്സ്. ആശുപത്രി ട്രെയിനിംഗ് സ്കൂളിലെ സർട്ടിഫിക്കറ്റ്.
3. നാഗർകോവിൽ സാൽവേഷൻ ആർമി കാതറൈൻബൂത്ത് ഹാസ്പിറ്റൽ ട്രെയിനിംഗ് സ്കൂളിലെ സർട്ടിഫിക്കറ്റ്.
4. കണ്ണറ എൽ. എം. എസ്സ്. ആശുപത്രിയിലെ സർട്ടിഫിക്കറ്റ്.
5. തിരുവല്ലാ മെഡിക്കൽ മിഷൻ നേഴ്സിംഗ് സ്കൂളിലെ 10-10-1953 മുതൽ 10-10-1956 വരെയുള്ള മൂന്നു വർഷത്തിനുള്ളിൽ ഇഷ്യൂ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റ്.
6. ഇൻഡ്യൻ യൂണിയനിലെ ഏതെങ്കിലും സ്റ്റേറ്റ് ഗവണ്മെന്റിൽ നിന്നും ലഭിച്ചിട്ടുള്ള ട്രെയിനിംഗ് മിഡ്വൈഫ് ആൻഡ് നേഴ്സസ് സർട്ടിഫിക്കറ്റ്.
7. ഏതെങ്കിലും ഗവണ്മെന്റ് സ്ഥാപനത്തിൽനിന്നും രണ്ടുകൊല്ലം പരിശീലനത്തിനുള്ള മിഡ്വൈഫറി സർട്ടിഫിക്കറ്റും, എസ്സ്. എസ്സ്. എൽ. സി. സർട്ടിഫിക്കറ്റും.

(ഡി) [illegible] ശ്രീ 35-3-65 [illegible]. ബി. -3-80.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പയലോസ്: പഞ്ചായത്തുകളിൽ നിശ്ചിത യോഗ്യത യില്ലാത്ത കാരണത്താൽ ഏതെങ്കിലും മിഡ്‌വൈഫുകളെ പിരിച്ചുവിട്ടി ട്ടുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: പിരിച്ചുവിടണമെന്നാണ് നിശ്ചയം. പക്ഷേ, കമ്മ്യൂണിറ്റി ഫെഡ് ഹാൻഡ്‌സിനെ ലഭിക്കുന്നതുവരെ ചില പ്രത്യേക വ്യവസ്ഥ കളനുസരിച്ച് ചില മിഡ്‌വൈഫുകളെ പഞ്ചായത്തുകളിൽ വച്ചുകൊണ്ടിരി ക്കുന്നുണ്ട്.

ശ്രീ. ആർ. ഗോവിന്ദൻ: പഞ്ചായത്തുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള മിഡ്‌വൈഫുകളുടെ ശമ്പളം, മറ്റു മിഡ്‌വൈഫുകളെ അപേക്ഷിച്ച് കുറവാണെന്ന് അറിയാമോ?

ശ്രീ. പി. കെ. ചാത്തൻ: പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിനേക്കാൾ കുറവാണ്.

ശ്രീ. ആർ. ഗോവിന്ദൻ: വളരെയധികം ആവശ്യപ്പെട്ടിട്ടും, പഞ്ചായത്തു കളിൽ മിഡ്‌വൈഫുകളെ ലഭിക്കാത്തതിന്റെ ഒരു കാരണം, ഈ ശമ്പളത്തേക്കാ ളധികമുണ്ടെന്ന മനസ്സിലാക്കി അവരുടെ ശമ്പളം കൂട്ടികൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. പി. കെ. ചാത്തൻ: ശമ്പളത്തിലുടനീളം കൊടുക്കേണ്ടതു പഞ്ചായ ത്താണ്. അതിനുപുറമേ യോഗ്യതയുള്ള ആളുകളെ കിട്ടാനുള്ള വിഷമവും ഉണ്ട്.

ശ്രീമതി കുസുമം ജോസഫ്: മിഡ്‌വൈഫുകളെ കൂട്ടത്തലായി എടുക്കുന്ന തിനു ഗവണ്മെന്റിനു എന്തെങ്കിലും സംഭാവനയുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ: അതിനെപ്പറ്റി കാര്യമായി ആലോ ചിക്കാം. ഒരു പ്രാധാന്യമുള്ള കാര്യമാണ് അതു്.

ശ്രീമതി കുസുമം ജോസഫ്: രണ്ടുകൊല്ലംമുമ്പു് ഇക്കാര്യം ഞാൻ ഗവ ണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും ഇതുവരെ അതിനെപ്പറ്റി ആലോ ചിക്കാതിരുന്നതു് എന്തുകൊണ്ടാണ്?

ഡാക്ടർ ഏ. ആർ. മേനോൻ: ടെയിനിംഗിനു് ഇന്നയിന്ന ആളുകളെ ഇന്നയിന്ന വിധത്തിലേ അയക്കാവൂ എന്നും മറ്റും ചില റൂളുകളും ഉണ്ടു്. അങ്ങനെയല്ലാതെ അയച്ചാൽ ദോഷം വരും, എന്നു വിചാരിച്ചാണ് ഈ താമസം വന്നതു്. കഴിയുന്നതും കാലതാമസം വരുത്താതെ ഇക്കാര്യത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. സി. ഏ. മാത്യു: ഏതെങ്കിലും പ്രൈവറ്റു് ഏജൻസികൾ ഗവ ണ്മെന്റു പറയുന്ന വ്യവസ്ഥയിൽ തെരഞ്ഞെടുപ്പു നടത്തി ടെയിനിംഗ് കൊടുക്കാം എന്നു പറഞ്ഞിട്ടും അതു പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം എന്താണ്?

ഡാക്ടർ ഏ. ആർ. മേനോൻ: എന്തുകൊണ്ടാണെന്നു് ഇപ്പോൾ പറയാൻ അറിഞ്ഞുകൂടാ. വയലേഷൻ ആക്ട് വല്ലതും ഉണ്ടായിരിക്കാം. അങ്ങനെ ഉണ്ടെങ്കിൽ സമ്മതിക്കുകയില്ല.

ശ്രീമതി കുസുമം ജോസഫ്: പ്രൈവറ്റു് ആശുപത്രികളിൽ മിഡ് വൈഫുകളെ ടെയിൻചെയ്തു എടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാ ണെന്നുള്ളതു് ഒന്നു തിട്ടപ്പെടുത്തി പ്രസിദ്ധപ്പെടുത്താൻ തയ്യാറാകുമോ?

ഡാക്ടർ ഏ. ആർ. മേനോൻ: ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: ഈ മിഡ്‌വൈഫ്‌സിന്റെ മിനിമം കപ്പാസിറ്റി ക്ലേക്ഷൻ എന്നാണ്.

ഡാക്ടർ ഏ. ആർ. മേനോൻ: സ്കൂൾഫൈനൽ പാസ്സാകണം. അല്ലെങ്കിൽ അതുവരെ പഠിച്ചിരിക്കണം. രണ്ടുകൊല്ലത്തെ കോഴ്സാണ്.

തീരദേശ ശുദ്ധജലവിതരണ പദ്ധതി.

* 1648. [18] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പുവെള്ളം മാത്രം കിട്ടുന്ന തീരദേശതാലൂക്കുകളിൽ ശുദ്ധജല വിതരണത്തിനു് ഇപ്പോഴത്തെ ഗവണ്മെന്റ് വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, ചേർത്തല, ചെറായി, മുനമ്പം, കൊടുങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ ഇപ്പോഴും തീരദേശവാസികൾക്കും ശുദ്ധജലം കിട്ടാതെ വിഷമിക്കുന്നതായി അറിയാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽനിന്നും ഗവണ്മെന്റിലേക്കു്, കുഴൽക്കിണറുകൾ സ്ഥാപിക്കണമെന്നു് കാണിച്ചു് എത്ര നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്;

(ഡി) ഇതിന്മേൽ എന്തു തീരുമാനം എടുത്തു?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ ഏ. ആർ. മേനോൻ):

(എ) കുഴൽക്കിണറുകൾ കുഴിപ്പിക്കുക, ചെറിയ ജലവിതരണപദ്ധതികൾ നടപ്പാക്കുക, മുതലായ പദ്ധതികൾ ഡിസ്ട്രിക്ടിന്റെ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടു്.

(ബി) അറിയാം.

(സി) എത്രയെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ല.

(ഡി) എ-യിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. സ്വീകരിച്ചു വരുന്നതുമാണു്.

ശ്രീ. ആർ. സുഗതൻ: ഈ അഷ്വറൻസ് കമ്മിറ്റിറിപ്പോർട്ടിൽ 'നോ' എന്നെഴുതിയിരിക്കുന്നതെന്തുകൊണ്ടാണു്?

ഡാക്ടർ ഏ. ആർ. മേനോൻ: ചെയ്ത പ്രവൃത്തിയൊക്കെ ഫെയിലായിപ്പോയി. കുഴിക്കുന്ന കിണറുകളിലെല്ലാം ഉപ്പുവെള്ളമാണു്. വെള്ളം ചീത്തയായിപ്പോയാൽ എന്തു ചെയ്യാൻ ആണു്. ഗവണ്മെന്റ് സൗകര്യംചെയ്തുകൊടുക്കുന്നതിനുവേണ്ടി പ്രവർത്തിച്ചു. പക്ഷെ ഫെയിലായിപ്പോയതുകൊണ്ടു് സത്യം എഴുതി.

ശ്രീ. ആർ. സുഗതൻ: ഇപ്പോൾ ആലപ്പുഴ ഡിസ്ട്രിക്ടിന്റെ ഡവലപ്പ്മെന്റ് കമ്മറ്റിയുടെ തീരുമാനപ്രകാരം രണ്ടു കുഴൽ കിണറുകൾ കുഴിപ്പിക്കാൻ നടപടികളെടുക്കുകയും അതിൽ ഒന്നു് കുമാരപുരത്തു് താഴ്ത്തിയതിനുശേഷം മെഷീൻ കരുനാഗപ്പള്ളിയിലേക്കു് കൊണ്ടുപോകുകയും ചെയ്തതിന്റെ കാരണമെന്താണെന്നു് പറയാമോ?

ഡാക്ടർ ഏ. ആർ. മേനോൻ: അറിവില്ല. അന്വേഷിച്ചു് പറയാം.

LIBRARY ARCHIVES Kerala Legislative Assembly